"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - മലപ്പുറം ജില്ലയിലെ കുഴിമണ്ണ ഗ്രാമപഞ്ചായത്തിലെ മുൻ സെക്ഷൻ ക്ലാർക്ക് ശ്രീമതി. രമ്യ ജി. ദാസിനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2088/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 05/11/2020**

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 12.07.2013-ലെ ഇ10 (എസ് സി 8/2013/എംപിഎം) 3568/2013 നമ്പർ കത്ത്

2 വിജിലൻസ് (ഡി) വകുപ്പിന്റെ 01.10.2013-ലെ 9038/ഡി3/2013/വിജി. നമ്പർ കത്ത്

3 പഞ്ചായത്ത് ഡയറക്ടറുടെ 01.10.2014-ലെ ഡി4-43513/13 നമ്പർ റിപ്പോർട്ട്

4 സർക്കാരിന്റെ 11.10.2017-ലെ 62447/ഇപിബി3/2013/തസ്വഭവ നമ്പർ കുറ്റപത്രം

5 ശ്രീമതി. രമ്യ ജി. ദാസ് സമർപ്പിച്ച 22.01.2018-ലെ പ്രതിവാദ പത്രിക

6 പഞ്ചായത്ത് ഡയറക്ടറുടെ 14.02.2019-ലെ ഡി4-43513/13 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ കുഴിമണ്ണ ഗ്രാമപഞ്ചായത്തിൽ 2011-12 വർഷത്തെ I A Y പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിലും ഭവന നിർമ്മാണ ആനുകൂല്യം നൽകിയതിലും ഗുരുതരമായ ക്രമക്കേടുകൾ നടന്നുവെന്ന ആരോപണങ്ങളിന്മേൽ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു തുടർന്ന് ഈ വിഷയത്തിൽ പഞ്ചായത്ത് ഡയറക്ടർ നടത്തിയ വിശദാന്വേഷണത്തിൽ ചുവടെ ചേർക്കുന്ന ക്രമക്കേടുകൾ കണ്ടെത്തിയിരുന്നു.

1. ഒരേ ഗുണഭോക്താവിന് രണ്ട് തവണ ഭവന നിർമ്മാണാനുകൂല്യം നൽകിയതുവഴി 20,00,031/- രൂപ നഷ്ടം വരുത്തി. 12 ഗുണഭോക്താക്കൾക്കാണ് ഈ വിധം ധനസഹായം നൽകിയത്.

2. ആരീക്കോട് ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ ഐ.എ.വൈ. ഭവന നിർമ്മാണ പദ്ധതി പ്രകാരം 2011-12, 2012-1 3 വർഷത്തിൽ ഭവന നിർമ്മാണത്തിന് കരാർ ഉടമ്പടി വച്ച് ആനുകൂല്യം നൽകിയ ഗുണഭോക്താക്കളിൽ ചിലരുടെ പേര് ഗ്രാമസഭയോ പഞ്ചായത്ത് കമ്മിറ്റിയോ അംഗീകരിച്ചിട്ടില്ല. ഉത്തരത്തിൽ അനർഹമായി ഭവന നിർമ്മാണസഹായം കൈപ്പറ്റിയ 17 ഗുണഭോക്താക്കൾ മുഖേന 19,27,753/- രൂപ നഷ്ടം സംഭവിച്ചതായി ആഡിറ്റ് പരാമർശത്തിൽ കാണുന്നു.

3. ഗ്രാമസഭ അംഗീകരിച്ചതും എന്നാൽ ഗ്രാമപഞ്ചായത്ത് ഭരണസമിതി ശുപാർശയില്ലാതെ ബ്ലോക്ക് പഞ്ചായത്തിൽ നേരിട്ട് കരാറിൽ ഏർപ്പെട്ട 15 ഗുണഭോക്താക്കൾക്ക് 17,88,594/- രൂപ നൽകിയതായി കാണുന്നു.

4. ഗ്രാമസഭ മുഖേന തെരഞ്ഞെടുക്കപ്പെടാത്ത ഗുണഭോക്താക്കളെ ഗ്രാമപഞ്ചായത്ത് ഭരണസമിതി ശുപാർശ

ചെയ്യുകയും ആയതുവഴി 25,99,962/- രൂപ അനർഹർ കൈപ്പറ്റുകയും ചെയ്തു.

5. ഐ.എ.വൈ. മാനദണ്ഡപ്രകാരം 30 ച.മീ. മുതൽ 60 ച.മീ. വരെ വിസ്തൃതിയുള്ള വീടുകൾ മാത്രമേ പണിയാവൂ എന്നിരിക്കെ 161 വീടുകൾക്ക് ടി വിസ്തൃതിയെക്കാളും വലിയ വീടുകൾ പണിഞ്ഞതായും 26,92,320/- രൂപ നഷ്ടം വരുത്തിയതായും ആഡിറ്റ് പരാമർശത്തിൽ കാണുന്നു.

6. വാസയോഗ്യമായ വീടുള്ള ഗുണഭോക്താവിന് ഭവനനിർമ്മാണാനുകൂല്യം നൽകിയതുവഴി 95,822/- രൂപ നഷ്ടം വരുത്തി.

7. ഗ്രാമപഞ്ചായത്ത് സമിതി കൂടി എന്ന് വ്യാജ രേഖയുണ്ടാക്കി 04.02.2011-ലെ 23(9), 15.10.2011-ലെ 88(5) നമ്പർ തീരുമാനം എന്നിവയിൽ അനർഹരായ ഗുണഭോക്താക്കളുടെ പേര് അരീക്കോട് ബ്ലോക്ക് പഞ്ചായത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും ഗ്രാമപഞ്ചായത്തിന്റെയും സീൽ പതിച്ചുനൽകി ഔദ്യോഗിക മുദ്ര ദുരുപയോഗം ചെയ്ത് ഗ്രാമപഞ്ചായത്ത് ഭരണസമിതി ശുപാർശ ചെയ്യാതെ ഗുണഭോക്താക്കൾക്ക് 9,43,059/- രൂപ ആനുകൂല്യം നൽകി.

8. കുഴിമണ്ണ ഗ്രാമപഞ്ചായത്തിൽനിന്നും ഐ.എ.വൈ. പദ്ധതിപ്രകാരം ഭവനനിർമ്മാണാനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ രേഖകൾ പരിശോധിച്ചതിൽ ഗ്രാമസഭ ശുപാർശ ചെയ്ത മുൻഗണനാക്രമം പാലിക്കാതെ വിവിധ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിന് ഭരണസമിതി ശുപാർശ ചെയ്തതായും പഞ്ചായത്ത് കമ്മിറ്റി മിനിറ്റ്സ് ബുക്കിൽ പലയിടത്തും പേരുകൾ വെട്ടിമാറ്റി പുതിയ പേരുകൾ പുതുതായി എഴുതിച്ചേർത്തതായും കാണുന്നു.

9. 04.08.2011-ന് പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭ മുഖേനയാണ് തെരഞ്ഞെടുത്തതെങ്കിലും ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി ലിസ്റ്റ് നിലവിലിരിക്കെ ആയതിലെ ഗുണഭോക്താക്കൾക്ക് മുഴുവൻ ആനുകൂല്യം നൽകാതെ പുതിയ അപേക്ഷകൾ ക്ഷണിച്ചത് പഞ്ചായത്തിന്റെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണ്.

10. ഇത്തരത്തിൽ രണ്ടാമത് അപേക്ഷ ക്ഷണിച്ചപ്പോൾ ഇ.എം.എസ്. ഭവന പദ്ധതി ലിസ്റ്റിൽ ഉൾപ്പെട്ടവരും ഗ്രാമസഭ മുമ്പാകെ അപേക്ഷ സമർപ്പിക്കുകയും ഗ്രാമസഭ അവരെ തെരഞ്ഞെടുക്കുകയും ഗ്രാമസഭ ലിസ്റ്റ് തയ്യാറാക്കിയപ്പോൾ ഇ.എം.എസ്. ഭവനപദ്ധതി ലിസ്റ്റിൽപ്പെട്ടവർ മറ്റുള്ളവരെക്കാളും താഴെ വന്നിട്ടുണ്ട്. പഞ്ചായത്ത് ഐ.എ.വൈ.യ്ക്ക് ലിസ്റ്റ് നൽകിയപ്പോൾ ഇ.എം.എസ്. ലിസ്റ്റിൽ നിന്നും നൽകാൻ തീരുമാനിച്ചതിനാൽ ഗ്രാമസഭയിൽ തെരഞ്ഞെടുത്ത ലിസ്റ്റിൽ മുകളിലുള്ളവർ ഉൾപ്പെടാതെ താഴെയുള്ളവർ ഉൾപ്പെടുകയാണുണ്ടായത്.

മേൽ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ കുഴിമണ്ണ ഗ്രാമപഞ്ചായത്തിലെ സെക്ഷൻ ക്ലാർക്കായിരുന്ന ശ്രീമതി. രമ്യ ജി. ദാസിനെതിരെ പരാമർശം (4) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ശ്രീമതി. രമ്യ ജി. ദാസ് പരാമർശം (5) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (6) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ശ്രീമതി. രമ്യ ജി. ദാസ് കുഴിമണ്ണ ഗ്രാമപഞ്ചായത്തിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നത് 01.12.2011 നും വിടുതൽ ചെയ്തത് 29.06.2013-നുമാണെന്നും, 09.01.2012-ലെ 1/2012 നമ്പർ ഓഫീസ് ഉത്തരവ് പ്രകാരമാണ് ജനകീയാസൂത്രണം, ഗ്രാമസഭ എന്നിവയുമായി ബന്ധപ്പെട്ട സെക്ഷന്റെ ചുമതല ടിയാരിയ്ക്ക് നൽകിയിട്ടുള്ളതെന്നും ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ആരംഭഘട്ടത്തിലെ ഗ്രാമസഭാ യോഗം ചേരൽ, ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കൽ, ഭരണ സമിതിയുടെ അംഗീകാരത്തിന് സമർപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്ന സമയത്ത് ശ്രീമതി.രമ്യ ജി.ദാസ് കുഴിമണ്ണ ഗ്രാമപഞ്ചായത്തിൽ സേവനമനുഷ്ഠിച്ചിരുന്നില്ലെന്നും കുറ്റാരോപണപത്രികയിൽ ഖണ്ഡിക 1-ൽ ഒരേ ഗുണഭോക്താവിന് രണ്ടു തവണ ആനുകൂല്യം നൽകിയതായി പരാമർശിച്ചിട്ടുണ്ടെന്നും ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ആണെന്നും മുൻപ് ആനുകൂല്യം നല്കിയിട്ടുള്ളതിന്റെ രേഖകൾ വില്ലേജ് എക്സ്റ്റൻഷൻ

ഓഫീസറുടെ കൈവശമാണ് സൂക്ഷിച്ചു വയ്ക്കുന്നതെന്നും ആനുകൂല്യം നൽകുന്നതിന് മുൻപ് ഗുണഭോക്താവിന് ആനുകൂല്യം നൽകിയിട്ടുണ്ടോയെന്ന് പരിശോധിച്ചു ഉറപ്പു വരുത്തേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ആണെന്നും ആയതിനാൽ മേൽപ്പറഞ്ഞ കൃത്യവിലോപത്തിനു അന്ന് ചുമതലയിലുണ്ടായിരുന്ന വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ആണ് ഉത്തരവാദിയെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഗുണഭോക്തൃ ഗ്രാമസഭകൾ നടന്ന കാലയളവിൽ ശ്രീമതി.രമ്യ ജി.ദാസ് കഴിമണ്ണ ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ചിട്ടില്ലെന്നും ഗുണഭോക്താക്കളുമായി കരാർ വയ്ക്കുന്നതുൾപ്പെടെയുള്ള നടപടിക്രമങ്ങൾ നടത്തുന്നതിന് സെക്ഷൻ ക്ലാർക്കിന് ചുമതല ഇല്ലാത്തതാണെന്നും ആയതിനാൽ കുറ്റാരോപണ പത്രികയിലെ ഖണ്ഡിക 2-ലെ ക്രമക്കേടിന് ടിയാരി ഉത്തരവാദിയല്ലെന്നും എന്നാൽ I A Y പദ്ധതി സംബന്ധിച്ച ഫയൽ സൂക്ഷിച്ചിട്ടില്ലായെന്നും ഗ്രാമസഭ മിനുട്സിൽ തിരുത്തൽ വരുത്തിയെന്നുമുള്ള ആരോപണങ്ങൾ സംബന്ധിച്ച പരിശോധിച്ചതിൽ 08.12.2011-ന് ടിയാരിയ്ക്ക് സെക്ഷനിലെ ഫയലുകൾ കൈമാറി നല്കിയിട്ടുള്ളതായി കാണുന്നുവെന്നും 09.01.2012-ൽ 1/2012 നമ്പറായി പുറപ്പെടുവിച്ച ഓഫീസ് ഉത്തരവിൽ ഗ്രാമസഭ മിനുട്സിന്റെ സൂക്ഷിപ്പ് എ3 സെക്ഷന്റെ ചുമതലയുള്ള ശ്രീമതി. രമ്യ ജി. ദാസിന് നൽകിയതായി കാണുന്നുണ്ടെന്നും ഗ്രാമസഭാ മിനുട്സ് റെക്കോർഡ് ചെയ്തിട്ടുണ്ടോ, ഗ്രാമസഭയിൽ ക്വാറമുണ്ടോ, മിനുട്സ് ക്ലോസ് ചെയ്തിട്ടുണ്ടോ എന്നിവ പരിശോധിച്ചു ഉറപ്പു വരുത്തണമെന്ന് ടി ഉത്തരവിൽ പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ടെന്നും മാത്രമല്ല ടിയാൻ കഴിമണ്ണ ഗ്രാമപഞ്ചായത്തിൽ നിന്നും 29.06.2013-ന് വിടുതൽ ചെയ്ത സമയത്ത് ഗ്രാമസഭ മിനുട്സുകൾ പുതിയ ആൾക്ക് കൈമാറി നൽകിയിട്ടുമുണ്ടെന്നും കൂടാതെ 09.01.2012-ലെ ഓഫീസ് ഉത്തരവ് പ്രകാരം വ്യക്തിഗത ഗുണഭോക്തൃ ലിസ്റ്റ് തയാറാക്കി ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്നതും ടിയാളുടെ ചുമതലയായിരുന്നുവെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഐ.എ.വൈ. ഭവന പദ്ധതിക്ക് വേണ്ടിയുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് (വെയ്റ്റിംഗ് ലിസ്റ്റ് ഉൾപ്പെടെ) പലതവണകളായിട്ടാണ് നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്കു നൽകിയിട്ടുള്ളതെന്നും ശ്രീമതി.രമ്യ ജി.ദാസ് സെക്ഷൻ ക്ലാർക്കായിരുന്ന കാലയളവിൽ 07.01.2012, 18.02.2012, 03.03.2012 തീയതികളിലെ പഞ്ചായത്ത് തീരുമാന പ്രകാരമുള്ള ലിസ്റ്റ് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്ക് നൽകുന്നതിനായി തീരുമാനിച്ചിട്ടുള്ളതായി കാണുന്നുണ്ടെന്നും ഭവന പദ്ധതിയിൽ വെയ്റ്റിംഗ് ലിസ്റ്റിൽ ആളില്ലാത്തതിനാലും കൂടുതൽ ആളുകളെ വേണമെന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഫോൺ മുഖേന ആവശ്യപ്പെട്ടിട്ടുള്ളതായി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ അറിയിച്ചത് പ്രകാരമാണ് പഞ്ചായത്തിൽ നിന്നും പലപ്പോഴായി തീരുമാനമെടുത്തിട്ടുള്ളതെന്നും ഇതിൽ നിന്നും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഐ.എ.വൈ. ലിസ്റ്റിലേക്ക് ആളുകളെ വേണമെന്ന് ആവശ്യപ്പെട്ടിരുന്നതായി മനസിലാക്കാവുന്നതാണെന്നും ഗുണഭോക്തൃ ലിസ്റ്റ് സൂക്ഷിക്കുന്നത് ടിയാരിയുടെ സെക്ഷനിലാണെന്നിരിക്കെ ഐ.എ.വൈ. ഭവന പദ്ധതിയിൽ 2011-12-ൽ നൽകിയ മുഴുവൻ ഗുണഭോക്താക്കളുടെയും ലിസ്റ്റ് ഒരു ഫയൽ ആക്കി ടിയാരി സെക്ഷനിൽ സൂക്ഷിക്കണമായിരുന്നുവെന്നും ആയതിൽ വീഴ്ച സംഭവിച്ചിട്ടുള്ളതായി കാണുന്നതായും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീമതി.രമ്യ ജി.ദാസ് സമർപ്പിച്ച പ്രതിവാദ പത്രികയുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു ഐ.എ.വൈ. സംബന്ധിച്ച പ്രത്യേക ഫയൽ സൂക്ഷിക്കുന്നതിലും മിനുട്സ് ബുക്ക് യഥാവിധി കൈകാര്യം ചെയ്യുന്നതിലും ശ്രീമതി. രമ്യ ജി. ദാസിന്റെ ഭാഗത്തു നിന്നും വീഴ്ച ഉണ്ടായിട്ടുണ്ട് എന്നു കാണുന്നു. കുറ്റാരോപണ പത്രികയിലെ മറ്റു ക്രമക്കേടുകൾക്ക് ടിയാൾ നേരിട്ട് ഉത്തരവാദിയല്ല എന്ന്

പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ വസ്തുതകൾ പരിശോധിച്ചതിൽ നിന്നും കഴിമണ്ണ ഗ്രാമപഞ്ചായത്തിലെ സെക്ഷൻ ക്ലാർക്കായിരുന്ന ശ്രീമതി.രമ്യ.ജി.ദാസിനെതിരെയുള്ള അച്ചടക്ക നടപടികളിൽ നിന്ന് പൂർണ്ണമായി ഒഴിവാക്കാൻ കഴിയില്ല എങ്കിലും ടിയാളുടെ വാദമുഖങ്ങൾ പരിഗണിച്ചും പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ശ്രീമതി. രമ്യ ജി. ദാസിനെതിരായ അച്ചടക്കനടപടി 'സെൻഷർ' നൽകി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീമതി. രമ്യ ജി. ദാസ്, മുൻ സെക്ഷൻ ക്ലാർക്ക്, കഴിമണ്ണ ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ) /(ആഡിറ്റ്) , കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
7. വിജിലൻസ് വകുപ്പ്

   (യു.ഒ റിമാർക്സ് നം.വിജി.ഡി3/95/2020/വിജി. തീയതി 27.04.2020പ്രകാരം)
8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/150/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SUDHEER S S
Date: 2020.11.05 13:58 IST
Reason: Approved

സെക്ഷൻ ഓഫീസർ